**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** **08-10-2025 - ൽ മറുപടിയ്ക്ക്**

**കുടിയേറ്റ കർഷകർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 1977- ന് മുമ്പ് കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 1977 ജനുവരി 1-നു മുൻപ് വനഭൂമിയിൽ കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിന് 1993 ലെ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഇതിനകം കേന്ദ്രസർക്കാരിന്റെ അനുവാദം ലഭിക്കപ്പെട്ട ഭൂമിയിൽ JVR പ്രകാരമുള്ള ഉടമസ്ഥരെ കണ്ടെത്തി അർഹതപ്പെട്ട ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. നേരത്തെ കേന്ദ്രാനുമതി ലഭിച്ച ഇടുക്കി, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കൊല്ലം ജില്ലകളിലെ 28588.519 ഹെക്ടർ ഭൂമിയിലാണ് പട്ടയ വിതരണം പുരോഗമിക്കുന്നത്.<br><br>ഇതിനകം JVR പൂർത്തീകരിച്ചതും സാങ്കേതിക കാരണങ്ങളാൽ അനുമതിക്കയച്ച് തിരിച്ച് വന്നതും, അയക്കാൻ സാധിക്കാത്തതുമായ കേസുകളിൽ കേന്ദ്രം പുതുതായി നിർദ്ദേശിച്ചതനുസരിച്ചുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. വയനാട് തൃശ്ശൂർ ജില്ലകളിൽ ഇക്കാര്യത്തിൽ ആദ്യഘട്ടം പൂർത്തീകരിക്കുകയും കൊല്ലം, പാലക്കാട് ജില്ലകളിൽ ഈ പ്രവർത്തനം വേഗത്തിൽ നടന്നു വരികയും ചെയ്യുന്നുണ്ട്.<br><br>ഇനിയും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത കേസുകളിൽ JVR നടത്തി അപേക്ഷ സമർപ്പിക്കാൻ ദീർഘകാലമായി നാം ശ്രമിച്ച് വരികയാണ്. കേന്ദ്ര വനം മന്ത്രിയുമായി സംസ്ഥാന റവന്യൂ - വനം മന്ത്രിമാർ ചർച്ച നടത്തുകയും, കേന്ദ്രം പുതിയ JVR ന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് മലയോര മേഖലയിൽ നാളിതുവരെയും പട്ടയം ലഭിക്കാത്ത മുഴുവൻപേരുടേയും വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | ശേഖരിക്കുന്നതിനായി സർക്കാർ സമഗ്രമായ ഒരു വിവരശേഖരണം 2024 മാർച്ച്, ജൂലൈ മാസങ്ങളിലായി വില്ലേജ് ഓഫീസുകൾ വഴി സംസ്ഥാന സർക്കാർ നടത്തുകയുണ്ടായി. ഈ വിവര ശേഖരണത്തിന്റെ ഭാഗമായി റവന്യൂ -വനം വകുപ്പുകളുടെ സംയുക്ത പരിശോധന (JVR) നടത്തി, സർവ്വേ സ്കെച്ച് തയ്യാറാക്കി, അർഹത പരിശോധിച്ച് പരിവേഷ് പോർട്ടൽ മുഖേന കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയക്കാനും, തുടർന്ന് കേന്ദ്രാനുമതി നേടാനും, ശേഷം പട്ടയം വിതരണം ചെയ്യാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ നടപടികൾക്ക് നേതൃത്വം നൽകാൻ റവന്യൂ - വനം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>അർഹരായ മുഴുവൻ പേർക്കും പതിവ് ചട്ടങ്ങൾ പ്രകാരം യോഗ്യതയ്ക്കനുസരിച്ച് പട്ടയം നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ നടപടികളിലൂടെ 1977 ന് മുൻപ് കുടിയേറിയവരുടെ ഭൂമിക്ക് നിയമപരമായ രേഖയും സുരക്ഷയും ഉറപ്പാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. |
| (ബി) | വനഭൂമിയിൽ നിന്നും ഹിൽമെൻ സെറ്റിൽമെന്റുകൾക്കായി കൈമാറിയ ഭൂമിയിൽ താമസക്കാരായ വിഭാഗങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഹിൽമെൻ സെറ്റിൽമെന്റ് വിഭാഗത്തിൽപ്പെട്ടവർക്ക് നൽകാനായി വനം വകുപ്പ് കൈമാറിയ ഭൂമിയിൽ താമസിച്ച് വരുന്ന പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള എല്ലാ കൈവശക്കാർക്കും പട്ടയം നൽകുന്നതിനായി G.O (MS) 2020/2020 എന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വനത്തിന്റെ ജെണ്ടക്ക് പുറത്ത് റവന്യൂ രേഖകളിൽ പുറമ്പോക്ക് / തരിശ് എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ താമസിച്ച് വരുന്നവർക്കാണ് ഇത് പ്രകാരം പട്ടയം നൽകാൻ തീരുമാനിച്ചത്. തുടർ നടപടികളുടെ പുരോഗതി താഴെ ചേർക്കുന്നു.<br><br><u>പത്തനംതിട്ട</u><br><br>പത്തനംതിട്ട ജില്ലയിൽ ഹിൽമെൻ സെറ്റിൽമെന്റുകൾക്കായി കൈമാറിയ ഭൂമി റാന്നി താലൂക്കിലെ പഴവങ്ങാടി, കൊല്ലമുള, അത്തിക്കയം, പെരുനാട് വില്ലേജുകളുടെ പരിധിയിൽ വരുന്നതും പ്രസ്തുത സ്ഥലങ്ങളിൽ വനഭൂമി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതിയ്ക്കായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br><u>കോട്ടയം</u> |

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക് , എരുമേലി വടക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലായി 1450 ഹെക്ടർ ഭൂമി, വില്ലേജ് റിക്കാർഡുകളിൽ ഭൂമിയുടെ തരം 'പുറമ്പോക്ക് ഫോറസ്റ്റ് പുരയിടം' എന്നും റിമാർക്സ് കോളത്തിൽ 'ഹിൽമെൻ സെറ്റിൽമെന്റ്' രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത സ്ഥലത്ത് എണ്ണായിരത്തിലധികം കുടുംബങ്ങൾ താമസിച്ച് വരുന്നതുമാണ്.

1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിയ്ക്കുന്നതിനായി 15.03.2024 ലെ 67/2024 / ആർഡി നമ്പർ സർക്കാർ ഉത്തരവ് **(അനുബന്ധം 2)** പ്രകാരം സ്പെഷ്യൽ ഓഫീസ് അനുവദിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3000 ൽ അധികം ഫീൽഡുകൾ പരിശോധിച്ച് സ്കെച്ച്, മഹസ്സർ, ചെക്ക് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

04.11.2023 ലെ ജി.ഒ. (ആർ.റ്റി) നം. 3966/2023/ ആർ.ഡി പ്രകാരം**(അനുബന്ധം 3)** , വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും സെറ്റിൽമെന്റ് രജിസ്റ്റർ ബിറ്റിആർ എന്നിവ പ്രകാരം പുറമ്പോക്ക് പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് സർക്കാർ എന്നും വസ്തുവിന്റെ വിവരണം, റിമാർക്സ് എന്നീ കോളങ്ങളിൽ റിസർവ്വ് വനം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത്തരം ഭൂമികൾ റിസർവ്വ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിയ്ക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെ തന്നെ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത, വിനിയോഗം, കൈവശങ്ങളുടെ പഴക്കം, സ്വഭാവം എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വെ സബ്ഡിവിഷൻ ചെയ്ത് ഭൂമിയുടെ തൽസ്ഥിതി പ്രകാരം റിക്കാർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിയ്ക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ പ്രസ്തുത ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിച്ചു കൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനം ഉണ്ടോ എന്ന് ഉറപ്പ് വരുത്തിയതിനു ശേഷമേ പട്ടയനടപടികൾ ആരംഭിയ്ക്കുവാൻ സാധിക്കുകയുള്ളൂ.

03.02.2025 ലെ ജി.ഒ.(എം.എസ്) 30/2025 /ആർഡി നമ്പർ സർക്കാർ ഉത്തരവ് **(അനുബന്ധം 4)** പ്രകാരം സെറ്റിൽമെന്റ് പ്രദേശങ്ങൾ പ്രത്യേക റവന്യൂ

വില്ലേജുകളായി രൂപീകരിയ്ക്കുന്നതിന് ജില്ലാ കളക്ടറെ അധികാരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. മുണ്ടക്കയം ഭൂമി പതിവ് കാര്യാലയത്തിൽ ലഭിച്ച പട്ടയ അപേക്ഷകളിൽ സ്ഥല പരിശോധന നടത്തിയതിലും അപേക്ഷകർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിലും ടി പ്രദേശത്തെ ചില കൈവശക്കാർ വനാവകാശ രേഖ ലഭ്യമായവരോ, മുൻപ് വനാവകാശ രേഖ ലഭിച്ചവരിൽ നിന്നും ഭൂമി കൈമാറി ലഭിച്ചവരോ ആണെന്ന് സ്പെഷ്യൽ തഹസിൽദാർ റിപ്പോർട്ട് ചെയ്യതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരമുള്ള കേസുകളിൽ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിയ്ക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് 07.05.2025 ൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ വിഷയം റവന്യൂ (എം) വകുപ്പിന്റെ M3/81/2025-REV നമ്പർ ഫയലിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഇടുക്കി

ഇടുക്കി ജില്ലയിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ഭൂമി പട്ടികജാതി പട്ടിക വർഗ്ഗക്കാരുൾപ്പെടെയുള്ള കൈവശക്കാർക്ക് 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1 എയിലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും പ്രസ്തുത ചട്ടങ്ങളിലെ 2(ഇ) പ്രകാരം നിർവ്വചിച്ചിട്ടുള്ള സർക്കാർ ഭൂമി എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4 ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി ചട്ടം 5, 6 എന്നിവയിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പതിച്ചു നൽകുന്നതിന് 02.06.2020 ലെ സ.ഉ.(സാധാ)നം.2020/2020**(അനുബന്ധം 5)** , പ്രസ്തുത ഉത്തരവ് പ്രകാരമുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പുറപ്പെടുവിച്ച 4.11.2023 ലെ സ.ഉ.(സാധാ)നം.3966/ 2023 എന്നിവയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ കരിമണ്ണൂർ ഭൂമിപതിവ് സ്പെഷ്യൽ ഓഫീസ് മുഖേന ഇടുക്കി താലൂക്ക് ഓഫീസ് പരിധിയിലുള്ള ഇടുക്കി , കഞ്ഞിക്കുഴി എന്നീ വില്ലേജുകളിലെയും വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ള ഹിൽമെൻ സെറ്റിൽമെന്റുകളിൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പതിവു നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

നിലവിൽ ബഹു. കേരള ഹൈക്കോടതിയിലെ WP(C) 1801/2010 നമ്പർ കേസിലെ 10.01.2024 ലെ

| | | | |
|---|---|---|---|
| | | | വിധിന്യായ പ്രകാരം ജില്ലയിലെ 1964 ചട്ടങ്ങൾ പ്രകാരമുള്ള കൈവശഭൂമിയുടെ പട്ടയവിതരണം തടസ്സപ്പെട്ടിരിയ്ക്കുകയാണ്. ബഹു. കേരള ഹൈക്കോടതിയുടെ തുടർ ഉത്തരവുകൾക്ക് വിധേയമായി പട്ടയവിതരണ നടപടികൾ തുടരുന്നതാണ്.<br><br><u>എറണാകുളം</u><br><br>എറണാകുളം ജില്ലയിൽ ഹിൽമെൻ സെറ്റിൽമെന്റ് പതിവിനായി വനഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടു കിട്ടിയിട്ടില്ലാത്തതാണ്. റവന്യൂ രേഖകൾ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ് എന്ന് ചേർത്തിരുന്നതും മുമ്പ് വനഭൂമി ആയിരുന്നതുമായ കുട്ടമ്പുഴ വില്ലേജ് കല്ലേലിമേട്, മണികണ്ഠൻചാൽ പ്രദേശത്ത് 01.01.1977ന് മുമ്പ് കൈയ്യേറി താമസിച്ച് കൃഷി ചെയ്തു വരുന്ന 259.0890 ഹെക്ടർ ഭൂമി മറ്റ് വിഭാഗങ്ങളിൽ പെട്ട 500ഓളം കുടുംബങ്ങൾക്ക് 1993ലെ കേരള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകുന്നതിനുള്ള സർവ്വെ ജോലികൾ കോതമംഗലം സ്പെഷ്യൽ തഹസിൽദാർ ഭൂമി പതിവ് ഓഫീസിൽ നടന്നു വരുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് അനുവദിച്ച പട്ടയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ കേരള ഭൂമി പതിവ് (01.01.1977 നു മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം 2081 പേർക്ക് വനഭൂമി പട്ടയം അനുവദിച്ചിട്ടുള്ളതാണ്.<br><br>കൊല്ലം, പത്തനംതിട്ട ജില്ലകളുടെ പരിധിയിൽ കുടിയേറ്റകർഷകർക്ക് പട്ടയം അനുവദിച്ചിട്ടില്ലാത്തതാകുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിൽ കടിയേറിയ കർഷകർക്ക് വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ആകെ 7964 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. 1993 റൂൾ പ്രകാരം 13 പട്ടയങ്ങളാണ് എറണാകുളം ജില്ലയിൽ നിന്നും നൽകിയിട്ടുള്ളത്. |
| (ഡി) | പട്ടയം നഷ്ടപ്പെട്ടവർക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. പട്ടയ ഫയലുകളും പട്ടയരേഖകളും നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പു വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിച്ചു കൊണ്ട് സ.ഉ.(കൈ) 142/2025/റവ തീയതി. 26.05.2025-ാം നമ്പർ സർക്കാർ ഉത്തരവ് **(അനുബന്ധം 6)** പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി 17 തസ്തികകൾ ഒരു വർഷത്തേക്ക് താല്ക്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

റവന്യൂ(എം) വകുപ്പ്

സ.ഉ.(കൈ) നം.67/2024/RD    തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:- 1 ) 02.06.2020-ലെ സ.ഉ.(സാധാ) 2020/2020/റവ നമ്പർ ഉത്തരവ്.

2) കോട്ടയം ജില്ലാ കളക്ടറുടെ 08.01.2021ലെ ഡിസികെടിഎം/5055/2020/എൽ2 നമ്പർ കത്ത്.

3 ) 4.11.2023-ലെ സ.ഉ.(സാധാ) 3966/2023/റവ നമ്പർ ഉത്തരവ്

4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.03.2024-ലെ എൽ.ആർ/2507/2024/എൽആർ(ജെ5) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ ഭൂമിപതിവിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിന് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.

2) മേല്പറഞ്ഞ വില്ലേജുകളിലെ 9 സർവ്വേ നമ്പരുകളിലായി സർവ്വേ റെക്കോഡുകളിൽ (ബി.റ്റി.ആർ) ഭൂമിയുടെ തരം പുറമ്പോക്ക്, ഫോറസ്റ്റ്, പുരയിടം എന്നു രേഖപ്പെടുത്തിയിട്ടുള്ളതും, റിമാർക്സ് കോളത്തിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്നു രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത 1450 ഹെക്ടർ പ്രദേശത്ത് പട്ടിക വർഗ്ഗ വിഭാഗത്തിലും മറ്റ് ജനവിഭാഗങ്ങളിലുമായി 7000-ൽ

പരം ആൾക്കാർ താമസിച്ചു വരുന്നതാണ്. മേല്പറഞ്ഞ പ്രദേശത്തെ ഏകദേശം പതിനായിരത്തോളം അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി ഒരു പുതിയ ഓഫീസ് തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ടി ഓഫീസിന് ആവശ്യമായ തസ്തികകളും അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനെത്തുടർന്ന്, പരാമർശം (1), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ പ്രദേശത്ത് പട്ടയം നൽകുന്നതിനായി ചുവടെ ചേർക്കുന്ന തസ്തികകളോട് കൂടി ഒരു കാര്യാലയം അനുവദിക്കേണ്ടത് ആവശ്യമാണെന്ന് പരാമർശം (4) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം | പ്രതിമാസ ശമ്പളം (രൂപ) |
|---|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 | 79,100 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ | 1 | 68,591 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 2 | 1,18,876<br>(59438x2) |
| 4 | ക്ലർക്ക്/VA | 6 | 1,79,670<br>(29945x6) |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 25,990 |
| 6 | സർവ്വെയർ | 4 | 2,01,140<br>(50285x4) |
| 7 | ചെയിൻമാൻ<br>(Daily wages) | 2 | 32,400<br>(16200x2) |
| 8 | ആകെ പ്രതിമാസം വേണ്ടിവരുന്ന ചുരുങ്ങിയ വേതന തുക **(starting of scale of pay)** | | **₹ 7,05,767/-** |
| 9 | ആവശ്യമായ ഒരു വാഹനത്തിന്റെ വാടക ഇനത്തിലെ തുക | | **35,000** |
| 10 | ആകെ | | **₹ 7,40,767/-** |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ 1450 ഹെക്ടർ പ്രദേശത്തെ പതിനായിരത്തോളം പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി മേല്പറഞ്ഞ 17 തസ്തികകൾ ഒരു വർഷത്തേക്ക് താല്ക്കാലികമായി സൃഷ്ടിച്ചു കൊണ്ട് ഒരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

4) ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്

ജില്ലാ കളക്ടർ, കോട്ടയം

അക്കൗണ്ടന്റ് ജനറൽ (A&E/Audit), തിരുവനന്തപുരം

തഹസീൽദാർ, കാഞ്ഞിരപ്പള്ളി

ധനകാര്യ വകുപ്പ് (E-2732672/EXP-D1/95/2024-Fin) പ്രകാരം

റവന്യൂ (സി)/റവന്യൂ (എഫ്)/റവന്യൂ (ഇ) വകുപ്പ് (അറിവിലേക്കായി)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതിചെയ്യുന്നതുമായ കൈവശഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകിയ 02.06.2020 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ. ഉത്തരവും 25.01.2021 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 277/2021/റവ ഉത്തരവും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ആർ) വകുപ്പ്**

G.O.(Rt) No.3966/2023/RD തീയതി,തിരുവനന്തപുരം, 04-11-2023

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 2020/2020/റവ തീയതി 02.06.2020
2. സ.ഉ. (സാധാ) നം. 277/2021/റവ തീയതി 25.01.2021
3. സ.ഉ. (കൈ) നം. 250/73/എ.ഡി തീയതി 24.07.1973
4. ഇടുക്കി ജില്ലാ കളക്ടറുടെ 07.02.2023 തീയതിയിലെ DCIDK 3134/2021-C3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ ഭൂമി കൈവശം വച്ചിരിക്കുന്ന സംഗതികളിൽ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1 A യിലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും, പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 2 (e) പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി 5, 6 ചട്ടങ്ങളിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും പ്രസ്തുത ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരവും ടി ഉത്തരവിന്റെ പരിധിയിൽ തൃശ്ശൂർ ജില്ലയെ കൂടി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2. എന്നാൽ BTR പ്രകാരം 'പുറമ്പോക്ക്' എന്നും പട്ടാദാരന്റെ പേരു "സർക്കാർ" എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്ക്സ് കോളത്തിൽ റിസർവ്വ് വനം എന്ന് രേഖപ്പെടുത്തിയിട്ടുമുള്ളതിനാൽ ഭൂമി പതിച്ച് നൽകുന്നതിൽ ചില എതിർപ്പുകൾ ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം വേണമെന്നും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. റിസർവ്വ് വനഭൂമി പ്രത്യേകമായി ജണ്ടയിട്ട്

തിരിച്ചിട്ടുണ്ടെങ്കിലും റീസർവ്വേ നടന്നപ്പോൾ സബ് ഡിവിഷൻ നടത്താതെ പ്രസ്തുത ഭൂപ്രദേശം ഒന്നാകെ ഒരു മൈനർ സർക്യൂട്ട് ആയി സർവ്വെ ചെയ്തതുമൂലം മൈനർ സർക്യൂട്ടിനുള്ളിൽ വനഭൂമിയും ജണ്ടക്കു പുറത്തുള്ള ജനവാസ മേഖലയും ഉൾപ്പെട്ടു വന്നതുമൂലമാണ് മുഴുവൻ ഭൂമിയുടെയും റിമാർക്സ് കോളത്തിൽ റിസർവ്വ് വനം എന്ന് രേഖപ്പെടുത്താൻ ഇടയായത് എന്ന് ജില്ലാ കളക്ടർ വിശദീകരണം നൽകിയിട്ടുണ്ട്. ഭൂമി തലമുറകളായി കൈവശം വച്ച് കൃഷി ചെയ്തു വരുന്നതിനാൽ കൈവശത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിയാത്ത വിധം ഈ പ്രദേശങ്ങൾ എല്ലാം തന്നെ പൂർണ്ണമായും ജനവാസ മേഖലയാണെന്നും. കൂടാതെ സെറ്റിൽമെന്റ് രജിസ്റ്റർ, പഴയ BTR എന്നിവയിൽ റിസർവ്വ് വനം എന്ന രേഖപ്പെടുത്തലുകൾ ഇല്ലെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

3. ജില്ലാ കളക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഉത്തരവ് പ്രകാരമോ സമാനമായ മറ്റ് ഉത്തരവുകൾ പ്രകാരമോ വനേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളതും വനം വകുപ്പിന്റെ ജണ്ടയ്ക്കു പുറത്തുള്ളതും സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവ്വേയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന BTR എന്നിവ പ്രകാരം പുറമ്പോക്ക്/പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് "സർക്കാർ" എന്നും വസ്തുവിന്റെ വിവരണം/റിമാർക്സ് എന്നീ കോളങ്ങളിൽ "റിസർവ്വ് വനം" എന്നും രേഖപ്പെടുത്തിയുട്ടുള്ളത്. അത്തരം ഭൂമികളിലെ റിസർവ്വ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെ തന്നെ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത/വിനിയോഗം/ കൈവശങ്ങളുടെ പഴക്കം/ സ്വഭാവം/ എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേ സബ്ബ് ഡിവിഷൻ ചെയ്ത് ടി ഭൂമിയുടെ തൽസ്ഥിതി പ്രകാരം റിക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് പരാമർശം (1) ഉത്തരവിൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ടി ഉത്തരവ് പരാമർശം (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയ്ക്കും ബാധകമാക്കുന്നു.

4. പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TINKU BISWAL
PRINCIPAL SECRETARY

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കമ്മീഷണർ, ലാൻഡ് റവന്യൂ
ജില്ലാ കളക്ടർ, ഇടുക്കി/കോട്ടയം/പത്തനംതിട്ട/എറണാകുളം/തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, കേരള, തിരുവനന്തപുരം

സർവ്വേ ഡയറക്ടർ,  സർവ്വേ ആൻഡ് ലാൻഡ് റിക്കോർഡ്സ്, തിരുവനന്തപുരം,
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വനം വകുപ്പ്
വനം വന്യജീവി (സി) വകുപ്പ്
നിയമ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമ പ്രകാരം വ്യക്തിഗത വനാവകാശ രേഖ അനുവദിച്ചിട്ടുള്ള പട്ടികവർഗ്ഗ സങ്കേതങ്ങൾ, ഊരുകൾ (ഫോറസ്റ്റ് വില്ലേജ്) എന്നിവ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.30/2025/RD തീയതി,തിരുവനന്തപുരം, 03-02-2025

പരാമർശം - 1.പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006

2. ഭാരത സർക്കാരിന്റെ പട്ടികവർഗ്ഗ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 08.11.2013 ലെ 23011/133/2010-FRA നമ്പർ മാർഗ്ഗ നിർദ്ദേശങ്ങൾ.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.06.2024 തീയതിയിലെ LR/120/2022-LR(J8) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഭൂമിയെ സംബന്ധിച്ച അവകാശം വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിലും, വനസംരക്ഷണ നടപടികൾ നിമിത്തം വനവാസികളായ പട്ടികവർഗ്ഗക്കാർക്ക് ദീർഘകാലമായി നേരിടേണ്ടിവന്ന പ്രയാസങ്ങളും പരിഹരിക്കേണ്ടത് അത്യാവശ്യമായതിനാലാണ് പരാമർശം (1) ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006 കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

2. 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ ) നിയമത്തിലെ വകുപ്പ് 3(1)a പ്രകാരം കൈവശ ഭൂമിയ്ക്ക് വനാവകാശരേഖ (ROR-Record of Rights) അനുവദിയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 4(6) പ്രകാരം ആയത് 4 ഹെക്ടർ വരെയായി

നിജപ്പെടുത്തിയിട്ടുള്ളതുമാണ്.

3. 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമത്തിലെ വകുപ്പ് 3(1)h പ്രകാരം വനാവകാശ രേഖ (ROR-Record of Rights) നൽകിയ പട്ടികവർഗ്ഗ സങ്കേതങ്ങൾ, ഊരുകൾ, രേഖപ്പെടുത്തിയതോ വിജ്ഞാപനം ചെയ്തതോ അല്ലാത്തതോ ആയ എല്ലാ വനഗ്രാമങ്ങളും പഴയ വാസസ്ഥാനങ്ങളും, സർവ്വെ ചെയ്യാത്ത ഗ്രാമങ്ങളും നിലനിൽക്കുന്ന ഭൂമി (ഫോറസ്റ്റ് വില്ലേജ്) റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയതിലേക്ക് പരാമർശം (2) പ്രകാരം ഭാരത സർക്കാരിന്റെ ഗോത്ര വർഗ്ഗകാര്യ മന്ത്രാലയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നാളിതുവരെ, റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യേണ്ടുന്ന 566 സങ്കേതങ്ങളിൽ ഉൾപ്പെടുന്ന 29,139 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 38581.509ഏക്കർ ഭൂമിയ്ക്ക് വനാവകാശ രേഖ നൽകിയിട്ടുണ്ടെന്നും ആയത് റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്തേണ്ടത് ആവശ്യമാണെന്നും വ്യക്തമാക്കി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമത്തിലെ വ്യവസ്ഥകൾക്കും, പരാമർശം (2) ലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി വനാവകാശ രേഖ (ROR-Record of Rights) നൽകിയ പട്ടികവർഗ്ഗ സങ്കേതങ്ങൾ, ഊരുകൾ എന്നിവ നിലനിൽക്കുന്ന ഭൂമി (ഫോറസ്റ്റ് വില്ലേജ്) റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവാകുന്നു.

5. ഫോറസ്റ്റ് വില്ലേജുകളെ റവന്യു വില്ലേജുകളായി പരിവർത്തനപ്പെടുത്തുമ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. പരിവർത്തനപ്പെടുത്തുന്ന പ്രദേശങ്ങളിലെ ROR അനുവദിക്കപ്പെട്ട ഭൂമിയുടെ വിവരങ്ങൾ സപ്ലിമെന്ററി BTR ആയി രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്. ഡിജിറ്റൽ സർവ്വെ നടക്കുന്ന വേളയിൽ ആയത് BTR-ൽ ഉൾപ്പെടുത്താവുന്നതാണ്. വനാവകാശ രേഖ (ROR-Record of Rights) അനുവദിയ്ക്കപ്പെട്ടവരുടെ പേര് വിവരങ്ങളും, ഭൂമിയുടെ വിസ്തീർണ്ണവും ഉൾപ്പെടുത്തി തണ്ടപ്പേർ അക്കൗണ്ട് നാളതീകരിയ്ക്കേണ്ടതാണ്. ഇത്തരത്തിൽ നൽകുന്ന സർവ്വെ നമ്പർ, തണ്ടപ്പേർ നമ്പർ എന്നിവയുടെ മുൻപിൽ (Prefix) FR (Forest Rights) എന്ന അക്ഷരങ്ങൾ കൂടി ചേർക്കേണ്ടതാണ്. ഡിജിറ്റൽ സർവ്വെ പൂർത്തിയായതിന് ശേഷവും FR എന്ന അക്ഷരങ്ങൾ സർവ്വെ നമ്പരിന്റേയും, തണ്ടപ്പേർ നമ്പരിന്റേയും മുൻപിൽ

നിലനിർത്തേണ്ടതാണ്. ഇപ്രകാരം സർവ്വെ നമ്പർ, തണ്ടപ്പേർ നമ്പർ അനുവദിയ്ക്കുന്ന ഭൂമിയുടെ കൈവശക്കാരിൽ നിന്നും 1961-ലെ കേരളാ ഭൂനികുതി നിയമപ്രകാരം ഭൂനികുതി ഈടാക്കുന്നതുമായിരിക്കും. 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമത്തിലെ വകുപ്പ് 4(4) പ്രകാരം ടി ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ലാത്തതും എന്നാൽ പിൻതുടർച്ചാവകാശമുള്ളതുമായിരിയ്ക്കും (Heritable but not Alienable). അത്തരത്തിൽ അനന്തരാവകാശികൾക്ക് കൈമാറുന്നതിനെ തുടർന്ന് നിലവിൽ വരുന്ന സബ്ഡിവിഷൻ സർവ്വേ നമ്പരിന്റെയും, തണ്ടപ്പേർ നമ്പരിന്റേയും മുൻപിലായി FR എന്ന അക്ഷരങ്ങൾ നിർബന്ധമായും ചേർക്കേണ്ടതാണ്.

6. ഭാരത സർക്കാരിന്റെ ഗോത്ര വർഗ്ഗകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലാ കളക്ടർമാർ റവന്യു വില്ലേജുകളായി പരിവർത്തനപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങൾക്ക് സമയക്രമം തയ്യാറാക്കേണ്ടതും, ഒരോ ഘട്ടത്തിന്റേയും പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് ലാൻഡ് റവന്യു കമ്മീഷണർ മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

7. ഗോത്ര വർഗ്ഗകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, നിലവിൽ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യേണ്ട പട്ടികവർഗ്ഗ ഉന്നതികളുടെ എണ്ണം എന്നിവ യഥാക്രമം അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഓഡിറ്റ്), കേരള, തിരുവനന്തപുരം.
നിയമവകുപ്പ് (03.01.2025 ലെ ലെജ്-ബി2/106/2024-നിയമം നമ്പർ
കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

## അനുബന്ധം I

## ഗോത്ര വർഗ്ഗകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**1.** വനഭൂമിയിലുള്ള എല്ലാ ഗ്രാമങ്ങളും/വാസസ്ഥലങ്ങളും ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഹാൻഡ് ബുക്കുകളുടേയും, സെൻസസ് വില്ലേജ് ഡയറക്ടറികളുടേയും സഹായത്തോടെ കണ്ടെത്തേണ്ടതും, സബ് ഡിവിഷണൽ ആഫീസർ പരിവർത്തനം ചെയ്യേണ്ട ഗ്രാമങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതും ആയത് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.
**2.** പരിവർത്തനം ചെയ്യുന്നതിനായുള്ള ക്ലെയിം ഫയൽ ചെയ്യുന്നതിനായി എല്ലാ ഗ്രാമങ്ങളിലും നോട്ടീസ് പതിയ്ക്കേണ്ടതും തുടർന്ന് ഓരോ ജില്ലയിലും തയ്യാറാക്കുന്ന പട്ടിക സംസ്ഥാന തല മോണിറ്ററിങ് കമ്മിറ്റിയെ അറിയിക്കേണ്ടതും കൂടാതെ പരിവർത്തനം ചെയ്യുന്നതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് എല്ലാ മാസവും മന്ത്രാലത്തിൽ സമർപ്പിക്കേണ്ടതുമാണ്.
**3.**ഓരോ ഗ്രാമത്തിലെയും ഗ്രാമസഭ ചേർന്ന് വനാവകാശ കമ്മിറ്റികൾ രൂപീകരിക്കേണ്ടതും, ഏതെങ്കിലും സെറ്റിൽമെന്റുകൾ നോട്ടീസ് പതിച്ച് 3 മാസത്തിനുള്ളിൽ ക്ലെയിം സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിലേക്കായി ജില്ലാ കളക്ടർ തഹസിൽദാറിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതാണ്.
**4.**വനാവകാശ കമ്മിറ്റി പരിവർത്തനം ചെയ്യേണ്ട ഭൂമിയുടെ അതിർത്തി നിർണ്ണയിക്കേണ്ടതും ഭൂമിയിലെ കെട്ടിടങ്ങളും, തണ്ണീർതടങ്ങളും ഉൾപ്പെടെയുള്ളവ രേഖപ്പെടുത്തി ഭൂപടം തയ്യാറാക്കേണ്ടതും, ഇപ്രകാരം തയ്യാറാക്കുന്ന ഭൂപടം ഗ്രാമസഭ സബ്ഡിവിഷണൽ ലെവൽ കമ്മിറ്റിയ്ക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.
**5.**സബ്ഡിവിഷണൽ ലെവൽ കമ്മിറ്റി ആയത് ജില്ലാതല കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതും തുടർന്ന് ജില്ലാ കളക്ടർ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിയ്ക്കേണ്ടതുമാണ്.
**6.** ഓരോ ജില്ലയിലേയും പട്ടികയിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകൾ സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയെ അറിയിക്കേണ്ടതും പരിവർത്തനത്തിന്റെ പുരോഗതി മൂന്ന് മാസത്തിലൊരിക്കൽ പട്ടികവർഗ്ഗ മന്ത്രാലയത്തിനെ അറിയിക്കേണ്ടതുമാണ്.

**7.**അതോടൊപ്പം അത്തരം ഓരോ ഗ്രാമത്തിലെ/വാസസ്ഥലങ്ങളിലെയും പ്രായപൂർത്തിയായ എല്ലാ താമസക്കാരുടെയും കൂട്ടത്തെ ഗ്രാമസഭയായി അംഗീകരിക്കപ്പെടുകയും സ്വന്തം വനാവകാശ സമിതിയെ **(FRC)**

തിരഞ്ഞെടുക്കുകയും ചെയ്യണം.

**8.** പൂർണ്ണമായി പട്ടികവർഗ്ഗ നിവാസികൾ ഉൾപ്പെടുന്ന ഗ്രാമങ്ങൾ/വാസസ്ഥലങ്ങൾ അല്ലെങ്കിൽ ഭൂരിപക്ഷം പട്ടികവർഗ്ഗ നിവാസികളുള്ള വില്ലേജുകളുടെ കാര്യത്തിൽ, **2005** ഡിസംബർ **13**-ന് മുമ്പ് സെറ്റിൽമെൻ്റ് നിലനിന്നിരുന്നെങ്കിൽ പ്രസ്തുത വാസസ്ഥലം പരിവർത്തനം ചെയ്യണം

മേൽപറഞ്ഞ പ്രവൃത്തികൾ ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും സർവ്വെയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ മനുഷ്യ വിഭവ ശേഷി വിന്യസിക്കുന്നതിനും, സർവ്വെ ഉപകരണങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും ആവശ്യമായി വരുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

## അനുബന്ധം II

| ക്രമ നം | ജില്ല | പരിവർത്തനം ചെയ്യേണ്ട ഉന്നതികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം. | 49 |
| 2 | കൊല്ലം | 14 |
| 3 | പത്തനംതിട്ട | 22 |
| 4 | കോട്ടയം | 13 |
| 5 | ഇടുക്കി | 114 |
| 6 | എറണാകുളം | 15 |
| 7 | തൃശ്ശൂർ | 35 |
| 8 | പാലക്കാട് | 138 |
| 9 | മലപ്പുറം | 36 |
| 10 | കോഴിക്കോട് | 5 |
| 11 | വയനാട് | 101 |
| 12 | കണ്ണൂർ | 24 |
| | **ആകെ** | **566** |

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ കൈവശഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

റവന്യൂ (ആർ) വകുപ്പ്

സ.ഉ.(സാധാ) നം.2020/2020/റവ. തീയതി,തിരുവനന്തപുരം, 02/06/2020

---

പരാമർശം:- 1 സ.ഉ. (സാധാ) നം. 2023/2017/റവ തീയതി 27.04.2017

2 ഇടുക്കി ജില്ലാ കളക്ടറുടെ 19.12.2019 തീയതിയിലെ 5521/2018-C3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

1993 ലെ കേരള ഭൂപതിവ് (01.01.1977 ന് മുമ്പ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2 (എഫ്) ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ച് വരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിയ്ക്ക് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും പ്രസ്തുത കൈവശങ്ങൾക്ക് ഇതിനകം കൈവശരേഖ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് പട്ടയം അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) തൊടുപുഴ താലൂക്കിലെ ഉടുമ്പന്നൂർ, മലയിഞ്ചി, പെരിങ്ങാശ്ശേരി ഉപ്പുകുന്ന്, വെളിയാമറ്റം, അറക്കുളം, വണ്ണപ്പുറം തുടങ്ങിയ മേഖലകളിൽ താമസിച്ചുവരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം പട്ടയം ലഭിക്കുന്നില്ലെന്നറിയിച്ച് വിവിധ മല അരയ സമുദായ സംഘടനകളുടെ ഹർജികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(3) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.04.2019 ൽ ചേർന്ന യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്യുകയും, ഉടുമ്പന്നൂർ വില്ലേജിലെ സെറ്റിൽമെന്റുകളിൽ പട്ടികവർഗ്ഗക്കാർ കൈവശം വച്ചിരിക്കുന്ന ഭൂമി 1964 ലെ ഹിൽമെൻ റൂൾസ് നിലവിൽ വരുമ്പോൾ പ്രസ്തുത ഭൂമി വനഭൂമിയായിരുന്നോ, റവന്യൂ ഭൂമിയായിരുന്നോ എന്ന് റവന്യൂ റിക്കാർഡുകളും, കൈവശങ്ങളും പരിശോധിച്ച് വ്യക്തത വരുത്തിയും, ഒ.പി. നമ്പർ 3373/1966 നമ്പർ കേസിലെ വിധിപ്രകാരം ഹിൽമെൻ റൂൾസ് റദ്ദ് ചെയ്തതിന്റെ നിയമവശവും, അപ്രകാരം റദ്ദ് ചെയ്യപ്പെട്ടുകയാണെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിലാണോ, വനം വകുപ്പിലാണോ നിക്ഷിപ്തമായിട്ടുള്ളതെന്നും പരിശോധിച്ചും വിശദമായ റിപ്പോർട്ട്

സമർപ്പിക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

(4) ഉടമ്പന്നൂർ വില്ലേജിലെ സെറ്റിൽമെന്റുകളിൽപ്പെട്ട പട്ടികവർഗ്ഗക്കാർ കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി 1960 കാലഘട്ടം മുൻപ് തന്നെ കൈവശത്തിന്റെ കാലപ്പഴക്കം കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കാനാവാത്തവിധം തലമുറകളായി കൈവശം വച്ച് കൃഷി ചെയ്തു വന്നിരുന്നതായും പൂർണ്ണമായും ജനവാസ കേന്ദ്രങ്ങളായി മാറിയിട്ടുള്ളതുമാണെന്നും മേൽപരാമർശം (2) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പ്രസ്തുത പ്രദേശങ്ങളിൽ മുൻകൈവശക്കാരിൽ നിന്നും ഭൂമി തലമുറകളായി കൈമാറി ലഭിച്ച 7000ഓളം കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നും, 1930 കളിൽ തയ്യാറാക്കിയ സെറ്റിൽമെന്റ്, ലഭ്യമായ മറ്റ് റവന്യൂ റിക്കാർഡുകൾ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ഭൂമി പുരയിടം, തരിശ്ശ്, നിലം എന്നീ ഇനങ്ങളിൽ ഉൾപ്പെട്ടുവരുന്നതായി കാണുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ വനഭൂമി കൃത്യമായും ജണ്ടയിട്ട് തിരിച്ച് സംരക്ഷിച്ച് വരുന്നതായും, ജണ്ടകൾക്ക് വെളിയിലുള്ള പ്രസ്തുത ഭൂമിയിൽ വനം വകുപ്പ് യാതൊരുവിധ അവകാശ വാദങ്ങളും ഉന്നയിച്ചിട്ടില്ലെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1980 ലെ കേന്ദ്ര വനനിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള മുഴുവൻ പതിച്ചു നൽകിയതും, പതിച്ചു നൽകുന്നതിനെടുത്ത തീരുമാനമെടുത്തിലുൾപ്പെടുന്നതുമായ ഭൂമികൾ വനനിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് നേച്ചർ ലവേഴ്സ് Vs. സ്റ്റേറ്റ് ഓഫ് കേരള (C.A. No. 2116/2000) കേസിൽ ബഹു. സുപ്രീംകോടതി 20.03.2009 ൽ വിധി പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ഈ സാഹചര്യത്തിൽ 24.07.1973 ലെ ജി.ഒ. (എം.എസ്.) നം. 250/73/എ.ഡി. പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ് ഉൾപ്പെട്ടുവരുന്ന മുഴുവൻ ഭൂമിയും പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടുള്ളതിനാൽ പ്രസ്തുത ഭൂമി കേന്ദ്ര വനനിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഈച്ചരൻ ഇട്യാതി Vs. സ്റ്റേറ്റ് ഓഫ് കേരള (O.P. No. 3373/1966) നമ്പർ കേസിൽ കേരള ഫോറസ്റ്റ് ആക്റ്റിലെ വകുപ്പ് 76(a) യും അതിൻ പ്രകാരമുള്ള കേരള ഹിൽമെൻ റൂൾസ് 1964 ഉം ഭരണഘടനാ വിരുദ്ധമാണെന്ന് കണ്ടെത്തി ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതാണെന്നും ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. 24.07.1973 ലെ ജി.ഒ. (എം.എസ്.) നം. 250/73/എ.ഡി. പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ് ഉൾപ്പെട്ടുവരുന്ന മുഴുവൻ ഭൂമിയും സർവ്വേ ചെയ്ത് കൈവശക്കാർക്ക് പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണെന്നും, ഈ സാഹചര്യത്തിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും, ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ടുവരുന്നതുമായ ഭൂമി നിലവിലുള്ള കൈവശക്കാരുടെ കൈവശം തിട്ടപ്പെടുത്തി ഭൂമിയുടെ സ്വഭാവവും സെറ്റിൽമെന്റ് ഉൾപ്പെടെയുള്ള റിക്കാർഡുകളും പരിശോധിച്ച് അർഹരായവർക്ക് 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ച് പതിച്ച് നൽകാവുന്നതാണെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ ഭൂമി 1930 കളിൽ തയ്യാറാക്കിയ സെറ്റിൽമെന്റ് രജിസ്റ്റർ, മറ്റു റവന്യൂ റെക്കാർഡുകൾ പ്രകാരം 'പുരയിടം' 'തരിശ്' 'നിലം' എന്നീ ഇനങ്ങളിൽ ഉൾപ്പെട്ടവയും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതിചെയ്യുന്നതും, പരാമർശ ഭൂമിയിൽ വനം വകുപ്പ് യാതൊരു അവകാശവാദവും ഉന്നയിച്ചിട്ടില്ലാത്തതുമാണ്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1A യിലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും, പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 2(e) പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഏതൊരു ഭൂമിയും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി ചട്ടം 5, 6 എന്നിവയിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും ടി ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകാവുന്നതാണ്. ഇടുക്കി ജില്ലയ്ക്ക് പുറമെ കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലും സമാനമായ രീതിയിലുള്ള കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നില്ലെന്നുള്ള പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജില്ലകളിലെ കൈവശഭൂമിയ്ക്ക് കൂടി ബാധകമാകുന്ന തരത്തിൽ മേൽപരാമർശിച്ച രീതിയിൽ ഒരു പൊതു നിർദ്ദേശം നൽകുന്നത് ഉചിതമാണെന്ന് കാണുന്നു.

(6) മേൽ സാഹചര്യത്തിൽ ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക്

പുറത്ത് സ്ഥിതി ചെയ്യുന്നതുമായ ഭൂമി കൈവശം വച്ചിരിക്കുന്ന സംഗതികളിൽ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1A യിലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും, പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 2(e) പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി 5, 6 ചട്ടങ്ങളിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും പ്രസ്തുത ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(7) ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സുരേഷ് കുമാര്
ഡെപ്യൂട്ടിസെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി/കോട്ടയം/പത്തനംതിട്ട/എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
നിയമ വകുപ്പ് (24.02.2020 ലെ 26987/ഉപദേശ - ജി2/2019/നിയമം നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Ni2
സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പട്ടയ ഫയലുകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പ് വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.142/2025/RD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:- 1. സ.ഉ(സാധാ)3329/2020/റവ, തീയതി 28.10.2020.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 06/07/2024, 25.11.2024 തീയതികളിലെ LR/8402/2022-LR(J7) നം കത്തുകൾ.

**<u>ഉത്തരവ്</u>**

വിവിധ ഭൂമി പതിവ് നിയമങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ സംബന്ധിച്ച ഫയലുകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പ് വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995 ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993 ലെ 01/01/1977-നു മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കടിയേറ്റങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നീ പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾക്ക് മാത്രമാണ് ബാധകമാക്കിയിരുന്നത്. ആയതിനാൽ, മറ്റ് നിയമങ്ങളും ചട്ടങ്ങളും പ്രകാരം അനുവദിച്ച പട്ടയങ്ങളുമായി ബന്ധപ്പെട്ട് നിജസ്ഥിതി സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , പരാമർശം (1) -ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും പട്ടയ ഫയലുകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പ് വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ചുവടെ പറയും പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പട്ടയ കക്ഷിയുടെ അഥവാ നിലവിലെ നിയമാനുസൃത കൈവശക്കാരനിൽ നിന്നും അസൽ പട്ടയം നഷ്ടപ്പെട്ടിട്ടുണ്ടാകുകയും, എന്നാൽ ബന്ധപ്പെട്ട പട്ടയ അധികാരിയുടെ കാര്യാലയത്തിൽ പട്ടയ ഫയൽ ലഭ്യമായിരിക്കുകയും, പതിവ് അപേക്ഷാ രജിസ്റ്റർ, പട്ടയവിതരണ രജിസ്റ്റർ, പതിവ് ലിസ്റ്റ്, റീസർവെ ലാൻഡ് രജിസ്റ്റർ, കൂടുതൽ / കുറവ് അക്കൗണ്ട് ഉൾപ്പെടെയുള്ള ജമാബന്ധി റിക്കാർഡുകൾ എന്നിവയിലെ രേഖപ്പെടുത്തലുകൾ ശരിയായിരിക്കുകയും പതിവ് തുകകൾ ഖജനാവിൽ ഒടുക്കിയിട്ടുള്ളത് സംബന്ധിച്ച രേഖകൾ (ട്രഷറി ചെലാനുകൾ) ലഭ്യമായിരിക്കുകയും വില്ലേജ് ഓഫീസിലെ തണ്ടപ്പേർ അക്കൗണ്ടിൽ പട്ടയ കക്ഷിയുടെയോ തുടർന്നുള്ള നിയമാനുസൃത കൈമാറ്റങ്ങൾ മുഖേന നിലവിലെ കൈവശക്കാരന്റെയോ പേരിൽ ഭൂനികുതി ഒടുക്കി വരുന്നതുമായ സാഹചര്യങ്ങളിൽ പട്ടയ ഫയൽ പ്രകാരമുള്ള ഭൂമി തന്നെയാണ് കൈവശഭൂമിയെന്ന് ഉറപ്പ് വരുത്തിക്കൊണ്ട് ആധികാരികത ബോദ്ധ്യപ്പെടുന്ന സംഗതികളിൽ പട്ടയ കക്ഷി അഥവ പട്ടയം ലഭിച്ച ആളിൽ നിന്നും നിയമാനുസൃതം ഭൂമി കൈമാറ്റം ചെയ്തു ലഭിച്ച ഇപ്പോഴത്തെ കൈവശക്കാരന്റെ പേരിൽ നിജസ്ഥിതി

സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

4.പട്ടാദാരന്റെ അഥവാ നിലവിലെ നിയമാനുസൃത കൈവശക്കാരന്റെ കൈവശം പട്ടയം ഉണ്ടായിരിക്കുകയും വില്ലേജ് റിക്കാർഡുകളിൽ ആയതിന് അനുസരണമായുള്ള മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതുമായ എല്ലാ സാഹചര്യങ്ങളിലും, പതിവധികാരിയുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള പട്ടയ ഫയലുകൾ, പട്ടയസ്കെച്ച്, പതിവപേക്ഷാ രജിസ്റ്റർ, പട്ടയവിതരണ രജിസ്റ്റർ, റീ-സർവേ ലാൻഡ് രജിസ്റ്റർ, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട്, പതിവ് തുകകൾ ഒടുക്കുവരുത്തിയതിനുള്ള ട്രഷറി രേഖകൾ എന്നിവ പരിശോധിച്ച് പട്ടയത്തിന്റെ സാധുത ഉറപ്പുവരുത്തിക്കൊണ്ട് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

5. പട്ടാദാരന്റെ കൈവശം അസൽ പട്ടയം ഇല്ലാതിരിക്കുകയും വില്ലേജ് റിക്കാർഡുകളിൽ ആയതിന് അനുസരണമായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ടാകുകയും എന്നാൽ, പതിവധികാരിയുടെ കാര്യാലയത്തിലെ പട്ടയഫയൽ നഷ്ടപ്പെട്ടുകയോ നശിച്ചുപോകുകയോ ചെയ്തിട്ടുള്ള കേസുകളിൽ പതിവ് അപേക്ഷാ രജിസ്റ്റർ ( നം.1 രജിസ്റ്റർ), പട്ടയവിതരണ രജിസ്റ്റർ (നം.2 രജിസ്റ്റർ), റീ-സർവേ ലാൻഡ് രജിസ്റ്റർ, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട്, പതിവ് തുകകൾ സംബന്ധിച്ച ട്രഷറി രേഖകൾ, പതിവ് കാലയളവിലെ ജില്ലാ കളക്ടർ അംഗീകരിച്ച പതിവ് ലിസ്റ്റ്, പതിവ് കമ്മിറ്റി ചേർന്നതിനുള്ള രേഖകൾ, മിനിറ്റ്സ്, വില്ലേജാഫീസുകളിൽ സൂക്ഷിക്കുന്ന അംഗീകൃത പതിവ് ലിസ്റ്റ്, പതിവ് അക്കൗണ്ട്, കൂടുതൽ-കുറവ് അക്കൗണ്ട്, അക്കൗണ്ട് നം.7 (കാസർഗോഡ് ദർഘാസ് രജിസ്ട്രിയിൽ) എന്നിവ പരിശോധിച്ച് പട്ടയത്തിന്റെ സാധുത ഉറപ്പുവരുത്തിക്കൊണ്ട് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

6.പട്ടയം അനുവദിച്ചിരുന്ന ഭൂമിയിൽ ഇപ്പോൾ ഒന്നിലധികം കൈവശങ്ങൾ ഉള്ള പക്ഷം എല്ലാ കൈവശങ്ങളും ചേർത്തുള്ള ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കേണ്ടതും എല്ലാ കൈവശങ്ങളും ചേർത്തുള്ള ആകെ വിസ്തീർണ്ണം പട്ടയം അനുവദിച്ച വിസ്തീർണ്ണത്തിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന എല്ലാ കേസുകളിലും താലൂക്ക് സർവ്വെയർ മുഖേന ബന്ധപ്പെട്ട തഹസിൽദാർ ഭൂമിയുടെ ജിയോ കോ-ഓർഡിനേറ്റുകൾ ശേഖരിക്കേണ്ടതും അത്തരത്തിൽ പുതുതായി സ്കെച്ച് തയ്യാറാക്കേണ്ടതുമാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന ജിയോ കോ-ഓർഡിനേറ്റുകൾ നിജസ്ഥിതി സർട്ടിഫിക്കറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

8. നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന എല്ലാ സംഗതിയിലും, പകർപ്പ് ഇതിലേയ്ക്കായുള്ള ചിലവ് പൂർണ്ണമായും അപേക്ഷകൻ വഹിക്കേണ്ടതാണെന്ന നിബന്ധനയോടെ രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കായി ബന്ധപ്പെട്ട സബ് രജിസ്ട്രാർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9 . ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ നഷ്ടപ്പെട്ടിട്ടുള്ള സംഗതികളിൽ നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനാണ് ഈ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരളം,
   തിരുവനന്തപുരം
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് &ന്യൂ മീഡിയ)വകുപ്പ്.
5. റവന്യൂ(എ/എൽ/യു/എം)വകുപ്പുകൾ
6. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : 28.10.2020 ലെ സ.ഉ(സാധാ)3329/2020/റവ നം തീർപ്പ ഫയലിലേയ്ക്കായി.

**അനുബന്ധം**

| Sl. No. | Act/Pattayam | Rules |
|---|---|---|
| 1. | The Kerala Land Assignment Act,1960 | 1.The Kerala Land Assignment Rules 1964<br><br>2.Assignment of Land within Municipal And Corporation Areas 1995<br><br>3.The Kerala Land Assignment (Regularisation of Occupations of Forest Lands Prior to 01-01-1977) Special Rules,1993<br><br>4.The Arable Forest Land Assignment Rules 1970<br><br>5.Kerala Private Forest Vesting & Assignment Rules 1974<br><br>6.Special Rules for the Assignment of Government Land for Rubber Cultivation 1960<br><br>7. The Bhoodan Assignment Rules 1962<br><br>8.Rules For the Assignment of Government Lands For Settlement of Agricultural Laboures |

| | | |
|---|---|---|
| | | 9.The Kerala Assignment of Govt.Land to Scheduled Tribes Rules 2001<br><br>10. The Transfer of Registry Rules 1966<br><br>11.The Kerala Land Assignment & Allotment of Industrial Purpose Rule 2023<br><br>12.Co-Operative Colonisation Scheme Rules 1971<br><br>13.High Range Colonisation Scheme Rules 1968 |
| 2 | Settlement Pattas (SS Pattayams) | Settlement Scheme Patta Rules |
| 3 | Darkhas Registry (DR Pattayams) | Pattas issued under Provisions of KLA Act,1960 |